(ബി) കെ. ജി. എസ്. റ്റി. ആക്ടിലെ വകുപ്പ് 10 പ്രകാരമാണ് ഈ ഇളവുകൾ നൽകിയിട്ടുള്ളത്.

(സി) ഇതുമൂലം ഇത്തരം യൂണിറ്റുകൾക്ക് അവരുടെ ഉല്പന്നങ്ങൾ കൂടുതൽ വിറ്റഴിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്.

മണ്ണാർക്കാട് സബ്ട്രഷറിയിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്താൻ നടപടി

26 [3888]*ശ്രീ. കളത്തിൽ അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് സബ്ട്രഷറിയിൽ ജീവനക്കാരുടെ ഏതെല്ലാം തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതുകാരണം ഇടപാടുകാർക്ക് നേരിടേണ്ടി വരുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജീവനക്കാരുടെ ഒരു തസ്തികയും ഒഴിഞ്ഞുകിടപ്പില്ല.

(ബി) & (സി) ചോദ്യം എ-യിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ പ്രസക്തമല്ല.

ഭാഗ്യക്കുറി നിർത്തലാക്കുമ്പോൾ നൽകാനുണ്ടായിരുന്ന സമ്മാനതുക വിതരണം ചെയ്യാനുള്ള കാലതാമസം

27 [3889]*ശ്രീ. സി. ടി. അഹമ്മദ് അലി:*
,, സി. മമ്മൂട്ടി:
,, പി. കെ. കെ. ബാവ:
,, കെ. എൻ. എ. ഖാദർ:
,, *ടി. പി. എം. സാഹിർ:* താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭാഗ്യക്കുറി നിർത്തലാക്കുമ്പാൾ നൽകാനുണ്ടായിരുന്ന സമ്മാനത്തുക യിനത്തിൽ എന്തു തുക ഇതുവരെ കൊടുത്തുതീർത്തു?

ഉത്തരം

വകുപ്പിൽ സമർപ്പിച്ച ടിക്കറ്റുകളുടെ സമ്മാനത്തുകയിൽ 5,59,74,210 രൂപ ഇതുവരെ കൊടുത്തുതീർത്തു.

LIBRARY ARCHIVES Kerala Legislative Assembly